(ബി) ഈ സർവ്വകലാശാലയുടെ പരിധിയിൽ നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളും, മെഡിക്കൽ കോളേജുകളും, കാർഷിക കോളേജുകളും ഉൾപ്പെടുത്തുമോ;

(സി) പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ ഈ കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തന പരിധി കേരള സംസ്ഥാനം മൊത്തത്തിലായിരിക്കും.

(ബി) നിർദ്ദിഷ്ട സർവ്വകലാശാലയ്ക്ക് കീഴിൽ നിലവിലുള്ള എഞ്ചിനീയറിംഗ്, എം.സി.എ., എം.ബി.എ., ഫൈൻ ആർട്സ് കോളേജുകൾ ഉൾപ്പെടുത്തുന്നതാണ്.

(സി) പ്രഗത്ഭരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ഇതിനകംതന്നെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തുടർ പ്രവർത്തനത്തിൽ ആവശ്യമെന്ന് കരുതുന്ന പക്ഷം വീണ്ടും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

66 [2285] ശ്രീ. ജോണി നെല്ലൂർ:
„ ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ നടപടികൾ ഏത് ഘട്ടം വരെയായി;

(സി) പ്രീഡിഗ്രി വേർപ്പെടുത്തലിനുശേഷം എത്ര ജീവനക്കാർ വീതം കോളേജുകളിൽ ആവശ്യമുണ്ട്;

(ഡി) നിയമന നിരോധനം ഇപ്പോൾ ഉണ്ടോ;

(ഇ) എങ്കിൽ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) നിയമന നിരോധന ഘട്ടത്തിൽ പ്രമോഷൻ ലഭിക്കാതെ പിരിഞ്ഞു പോയ അനദ്ധ്യാപക ജീവനക്കാരുടെ വിശദാംശം വെളിപ്പെടുത്താമോ;

(ജി) സ്വകാര്യ കോളേജ് അനദ്ധ്യാപകരുടെ ജോലി സമയം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 17-9-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 119/04/ഉ. വി.വ. പ്രകാരം സ്വകാര്യ കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയിച്ചിട്ടുണ്ട്.

(സി) മേൽ ഉത്തരവ് പ്രകാരം പുനർനിർണ്ണയിച്ച സ്റ്റാഫ് പാറ്റേൺ അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) രാവിലെ 9.30/10 മണിമുതൽ വൈകുന്നേരം 4.30/5 മണി വരെ.

വിദ്യാഭ്യാസ മേഖലയ്ക്കുള്ള യു.ജി.സി. സഹായം നേടിയെടുക്കാൻ ശ്രമം

67 [2286] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിൽ യു.ജി.സി.-യുടെ മേഖലാ കേന്ദ്രങ്ങൾ എവിടെയെല്ലാമെന്ന് അറിയിക്കാമോ;

(ബി) യു.ജി.സി.-യുടെ ഒരു മേഖലാ കേന്ദ്രം തലസ്ഥാനമായ തിരുവനന്തപുരത്ത് സ്ഥാപിക്കുവാൻ കേരള സർക്കാർ പരിശ്രമിക്കുമോ;

(സി) ഇക്കഴിഞ്ഞ രണ്ട് പഞ്ചവൽസര പദ്ധതികളിൽ യു.ജി.സി. കേരളത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിലെ സർവ്വകലാശാലകൾക്ക് മതിയായ യു.ജി.സി. വിഹിതം ലഭിക്കുന്നതിനും പ്രോജക്ടുകൾ അംഗീകരിക്കുന്നതിനും എം.പി.-മാരുടെ സഹായത്തോടെ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബാംഗ്ലൂരിലും ഹൈദരാബാദിലും.

(ബി) പരിശ്രമിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly